(ബി) സുനാമിബാധിത പ്രദേശമായ ആലപ്പാട് പഞ്ചായത്ത് ഉൾപ്പെടുന്ന സ്ഥലത്തെ ജനങ്ങളുടെ ആശ്രയകേന്ദ്രം എന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തെ സുനാമി ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) വള്ളിക്കാവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ, കിടത്തി ചികിത്സ തുടങ്ങുന്നതിലേക്കായി വിശദമായ പ്രപ്പോസൽ സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉപകരണങ്ങളും ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.

(ബി)& (സി) വള്ളിക്കാവ് പി. എച്ച്. സി. ഉൾപ്പടെ കൊല്ലം ജില്ലയിൽ സുനാമി ദുരന്തംമൂലം നാശനഷ്ടം സംഭവിച്ച 26-ഓളം ആരോഗ്യ കേന്ദ്രങ്ങളിൽ സഹകരണ വകുപ്പിന്റെ സുനാമി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുവാൻ 21-6-2005-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ 1779/05/ആകുവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം, ആലപ്പുഴ, എറണാകുളം, ഡി.എം.ഒ./ജില്ലാ കളക്ടർ/ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ് ആന്റ് റോഡ്സ് വർക്സ് എന്നീ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനം**

168 [150] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ച 15 നടപടികളിൽ എത്ര എണ്ണം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രി വികസനത്തിന് ആവശ്യമായ നടപടികൾ എന്നത്തേക്ക് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) 11 എണ്ണം. വിശദവിവരം ചുവടെ ചേർക്കുന്നു:

(i) ഓച്ചിറ പി. എച്ച്. സി.യിലെ അനസ്തെറ്റിസ്റ്റിനെ കരുനാഗപ്പള്ളി ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ii) അത്യാഹിത വിഭാഗത്തിൽ ഒരു ഡോക്ടറെ നിയമിക്കുകയും അവിടെ ജോലി ചെയ്യുന്ന സൈക്യാട്രിസ്റ്റിന്റെ സേവനം ഒ. പി. യിൽ ലഭ്യമാക്കുന്നതിന് നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്.

(iii) ജനറൽ ട്രാൻസ്ഫർവഴി 15 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സിവിൽ സർജൻമാരായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായ 5 പേരെയും അസിസ്റ്റന്റ് സർജൻമാരിൽ സ്പെഷ്യലിസ്റ്റായ 9 പേരെയും ഒരു ഡെന്റൽ സർജനെയും നിയമിച്ചിട്ടുണ്ട്.

(iv) കാഷ്വാലിറ്റിയിൽ ഒരു ഡെർമറ്റോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(v) ബ്ലഡ് ബാങ്ക് ടെക്നീഷ്യനെ നിയമിക്കുന്നതിന്, ആശുപത്രി വികസന സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(vi) പവർലോൺട്രി തുടരുന്നത് നിർത്തിവയ്ക്കുകയും ഗ്രൂപ്പു സമ്പ്രദായം പാലിക്കുകയും ചെയ്യുന്ന കാര്യം ആശുപത്രി വികസന സമിതിയെ ഏൽപ്പിച്ചിട്ടുണ്ട്.

(vii) എക്സ്റേ ടെക്നീഷ്യനെ നിയമിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

(viii) സോളിഡ് വേസ്റ്റ് ഡിസ്പോസൽ സംബന്ധിച്ച് അനന്തര നടപടി എടുത്തിട്ടുണ്ട്.

(ix) അതോടൊപ്പം ആംബുലൻസ് ലഭ്യമാക്കുക

(x) ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുക

(xi) സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള പുതിയ കമ്മിറ്റികൾ രൂപീകരിക്കുക

എന്നിവ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(ബി) പതിനഞ്ച് തീരുമാനങ്ങളിൽ 2 എണ്ണത്തിൽ പ്രത്യേക നടപടികൾ കാണുന്നില്ല. അവശേഷിക്കുന്ന 2 തീരുമാനങ്ങളിൽ നടപടി എടുത്തുവരുന്നു.

1. 2004-2005-ൽ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല.

2. സുനാമി റിലീഫ് ക്യാംപ് മന്നുംതന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല.

3. ജില്ലാ കളക്ടറുടെ മൈനിങ് ഏരിയ വെൽഫയർ ബോർഡിൽ ഡോക്ടറെ പോസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ജില്ലാ കളക്ടറിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ശേഖരിച്ചുവരുന്നു.

4. ഓഫ്താൽമോളജിസ്റ്റിന്റെ ഒഴിവ് നിലവിലില്ല. ഒഴിവുണ്ടാകുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(സി) ആശുപത്രി വികസനത്തിന്റെ ഭാഗമായി അഞ്ചുകോടി രൂപ ചെലവു വരുന്ന ഒരു ബൃഹത് പദ്ധതി കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള തുക ഉൾപ്പെടെ 27,46,753 രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly